പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5139** **27/06/2019-ൽ മറുപടിക്ക്**

**പരിയാരം ആയുർവേദ മെഡിക്കൽ കോളേജിലെ പ്രോജക്ടുകൾ**

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ മെഡിക്കൽ കോളേജിൽ ഈ സാമ്പത്തികവർഷം വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന് ഏതൊക്കെ പ്രോജക്ടുകളാണ് സമർപ്പിച്ചിരിക്കുന്നത്; പ്രസ്തുത പ്രോജക്ടുകളിൽ ഏതിനൊക്കെയാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ മെഡിക്കൽ കോളേജിലെ വിവിധ പ്രവർത്തനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിരുന്ന എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രിക്ക് വേണ്ടി 10 ലക്ഷം രൂപ ചെലവഴിച്ച് കൊണ്ട് പുതിയ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയ പദ്ധതിയ്ക്ക് ധന വകുപ്പിന്റെ അനുമതി കൂടി ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണാനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I, II, III, IV, V ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം I

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ഗ്രീൻ ബുക്ക് 2019-20 - "ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.143/2019/ആയുഷ് തീയതി, തിരുവനന്തപുരം, 06.03.2019.

പരാമർശം: 1) 18.01.2019-ലെ സ.ഉ.(എംഎസ്) നം.2/2019/Plg.

2) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19.01.2019-ലെ 3347/ജി1/2018/ഡി.എ.എം.ഇ. നമ്പർ പ്രൊപ്പോസൽ.

3) ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.01.2019-ൽ ചേർന്ന പ്ലാൻ പ്രിപ്പറേഷൻ ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ.

4) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 22.02.2019-ലെ PLGEA-എ 1/1/2019-PLGEA നമ്പർ സർക്കുലർ.

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ, 2019-20 സാമ്പത്തിക വർഷത്തിലും തുടർന്ന് കൊണ്ട് നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുന്നതിന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 23.01.2019-ന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്ലാൻ പ്രിപ്പറേഷൻ ഗ്രൂപ്പ് യോഗം വിശദമായി പരിശോധിക്കുകയും ശുപാർശ സഹിതം പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുകയും ആയത് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2) 2019-20 സാമ്പത്തിക വർഷത്തിൽ 2210-02-101-78 (പ്ലാൻ) റവന്യൂ ശീർഷകത്തിൽ "ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ" എന്ന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ഗ്രീൻബുക്കിൽ അനുവദിച്ചിട്ടുള്ള **20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം)** ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2210-02-101-78 (പ്ലാൻ) "ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ"**

| | | |
|---|---|---|
| 1) | **ശീർഷകം 2210-02-101-78 (34) Other charges** | **20.00 ലക്ഷം** |
| | Purchase of dietary articles, essential medicines, LPG to the Hospital etc | 20.00 ലക്ഷം |
| | ആകെ | **20.00 ലക്ഷം** |

3) എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ/ ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യൂ.ഡി. നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻപ്രകാരം),

ഭൂഷൺ വി,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ , ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) / അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം II

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ഗ്രീൻ ബുക്ക് 2019-20 - "ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ - കോളീജിയറ്റ് ഫാർമസി സ്ഥാപിക്കൽ" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.178/2019/ആയുഷ് തീയതി, തിരുവനന്തപുരം, 20.03.2019.

പരാമർശം: 1) 18.01.2019-ലെ സ.ഉ.(എം.എസ്) നം.2/2019/Plg.
2) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19.01.2019-ലെ 3347/ബി1/2018/ഡി.എ.എം.ഇ. നമ്പർ പ്രൊപ്പോസൽ.
3) ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.01.2019-ൽ ചേർന്ന പ്ലാൻ പ്രിപ്പറേഷൻ ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ.
4) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 22.02.2019-ലെ PLGEA-എ 1/1/2019-PLGEA നമ്പർ സർക്കുലർ.

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ, 2019-20 സാമ്പത്തിക വർഷത്തിലും തുടർന്ന് കൊണ്ട് നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുന്നതിന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 23.01.2019-ന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്ലാൻ പ്രിപ്പറേഷൻ ഗ്രൂപ്പ് യോഗം വിശദമായി പരിശോധിക്കുകയും ശുപാർശ സഹിതം പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുകയും ആയത് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2) 2019-20 സാമ്പത്തിക വർഷത്തിൽ 2210-05-101-73 (പ്ലാൻ) റവന്യൂ ശീർഷകത്തിൽ ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ - കോളീജിയറ്റ് ഫാർമസി സ്ഥാപിക്കൽ" എന്ന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ഗ്രീൻബുക്കിൽ അനുവദിച്ചിട്ടുള്ള **75,00,000/- രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2210-05-101-73 (പ്ലാൻ) ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ - കോളീജിയറ്റ് ഫാർമസി സ്ഥാപിക്കൽ"**

| | |
|---|---|
| 1) ശീർഷകം **2210-05-101-73 (34) Other charges** | **75.00 ലക്ഷം** |
| Purchase of medicines from Oushadhi | 75.00 ലക്ഷം |
| **ആകെ** | **75.00 ലക്ഷം** |

3) എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ/ ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി. നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻപ്രകാരം),

ഭൂഷൺ വി,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**അനുബന്ധം III**

**കേരള സർക്കാർ**

സംഗ്രഹം

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - വാർഷിക പദ്ധതി 2019-20 - "ഗവ. ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ, പരിയാരം - കണ്ണൂർ ഗവ. ആയുർവേദ കോളേജിലെ വകുപ്പുകളുടെ വികസനവും മറ്റ് പ്രവർത്തനങ്ങളും" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.307/2019/ആയുഷ് തീയതി, തിരുവനന്തപുരം, 28.05.2019.

പരാമർശം : 1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.03.2019-ലെ 249/ജി1/2019/ഡി.എ.എം.ഇ നമ്പർ പ്രൊപ്പോസൽ.

2) 10.04.2019-ലെ 31/2019/ധന നമ്പർ സർക്കുലർ.

3) ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29.04.2019-ൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 2019-20 സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുന്നതിന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 29.04.2019-ന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) പരാമർശം 3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 2210-05-101-74 (P) റവന്യൂ ശീർഷകത്തിൽ "ഗവ. ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ, പരിയാരം - കണ്ണൂർ ഗവ. ആയുർവേദ കോളേജിലെ വകുപ്പുകളുടെ വികസനവും മറ്റ് പ്രവർത്തനങ്ങളും" എന്ന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള 280 ലക്ഷം രൂപയിൽ പരാമർശം 2)-ലെ സർക്കുലർ പ്രകാരം 2018-19 സാമ്പത്തിക വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട 10 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ **270 ലക്ഷം രൂപ (ഇരുന്നൂറ്റി എഴുപത് ലക്ഷം രൂപ മാത്രം)** ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2210-05-101-74 (P) "ഗവ. ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ, പരിയാരം - കണ്ണൂർ ഗവ. ആയുർവേദ കോളേജിലെ വകുപ്പുകളുടെ വികസനവും മറ്റ് പ്രവർത്തനങ്ങളും"**

| | | |
|---|---|---|
| 1) | **ശീർഷകം 2210-05-101-74 (17) ചെറുകിട മരാമത്ത് പണികൾ** | **50.00 ലക്ഷം** |
| 1. | കോളേജിന്റെ ബി ബ്ലോക്കിന്റെ മൂന്നാം നിലയുടെ ടൈൽ ഫ്ളോറിംഗ് സി ബ്ലോക്കിന്റെ രണ്ട്, മൂന്ന് നിലകളുടെ ടൈൽ ഫ്ളോറിംഗ്. | 25.10 ലക്ഷം |
| 2 | ടൈപ്പ് III ക്വാർട്ടേഴ്സിന്റെ (ഡി ബ്ലോക്ക്) സ്പെഷ്യൽ റിപ്പേറിംഗ് വർക്ക്, ടൈൽ പാകൽ എന്നിവ | 19.09 ലക്ഷം |
| 3. | ടൈപ്പ് II ക്വാർട്ടേഴ്സിന്റെ തറകൾ ടൈൽ പാകൽ | 5.81 ലക്ഷം |
| | **ആകെ** | **50.00 ലക്ഷം** |

| | | |
|---|---|---|
| 2) | **ശീർഷകം 2210-05-101-74 (18) സംരക്ഷണം** | **10.00 ലക്ഷം** |
| 1. | ആയുർവേദ കോളേജ്, ആശുപത്രി, ഹോസ്റ്റലുകൾ, വിവിധ ക്വാർട്ടേഴ്സുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന കാമ്പസ് റോഡിന്റെ റീ-ടാറിംഗ് | 10.00 ലക്ഷം |
| | **ആകെ** | **10.00 ലക്ഷം** |
| 3) | **ശീർഷകം 2210-05-101-74 (34) മറ്റ് ചെലവുകൾ (പദ്ധതി വിഹിതം - ട്രഷറി ക്യൂവിൽ ഉൾപ്പെട്ട തുക) (220 - 10 + 210)** | **210.00 ലക്ഷം** |
| 1. | സി.സി.ഐ.എം-ന്റെ സന്ദർശന ഫീസ്, ആരോഗ്യ സർവ്വ കലാശാലയുടെ അഫിലിയേഷൻ ഫീസ്, സി.സി.ഐ.എം. അംഗീകാരം നേടുന്നതിന്റെ ഭാഗമായി NAAC, NABH അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിക്കൽ, പുതിയ പി.ജി.കോഴ്സുകൾ ആരംഭിക്കുന്നതിന് സി.സി.ഐ.എം-നും, KUHS-നും അടക്കേണ്ട ഫീസ്, പി.ജി. വിദ്യാർത്ഥികൾക്ക് സിസിഐഎം സിലബസ് പ്രകാരം റിസർച്ച് മെത്തഡോളജി സ്റ്റാറ്റിസ്റ്റിക്സ് വിഷയങ്ങളിൽ ക്ലാസ് എടുക്കുന്ന ഔട്ട്സൈഡ് എക്സ്പേർട്ട് ഫാക്കൽറ്റിക്ക് പ്രതിഫലം നൽകൽ തുടങ്ങിയവ നിർവ്വഹിക്കൽ | 22.00 ലക്ഷം |
| 2. | വിവിധ വകുപ്പുകളിലേക്കാവശ്യമായ കെമിക്കലുകളും ലാബ് ഉപകരണങ്ങളും വാങ്ങിക്കൽ | 5.00 ലക്ഷം |
| 3. | വിവിധ വകുപ്പുകളിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൽ | 5.00 ലക്ഷം |
| 4. | കോളേജ് ലൈബ്രറിയിലേക്കും, വിവിധ വകുപ്പ് ലൈബ്രറിയിലേക്കും പുസ്തകങ്ങൾ, ജേർണലുകൾ എന്നിവ വാങ്ങിക്കൽ | 8.00 ലക്ഷം |
| 5. | മലിനജല സംസ്കരണ പ്ലാൻറിൻറെയും, ബയോ ഗ്യാസ് പ്ലാൻറിൻറേയും എ.എം.സി. | 5.00 ലക്ഷം |
| 6. | വിവിധ വകുപ്പുകൾക്കും, ക്ലാസുകളിലും, ഹോസ്റ്റലുകളിലും, ഓഫീസിലും, കഹാസ് പരീക്ഷാ ഹാളിലും ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങിക്കലും ഡിപ്പാർട്ട്മെൻറ്കളുടേയും മ്യൂസിയങ്ങളുടെയും നവീകരണവും | 12.00 ലക്ഷം |
| 7. | വിവിധ വകുപ്പുകളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങിക്കൽ | 4.00 ലക്ഷം |
| 8. | കോളേജ്, ഹോസ്റ്റലുകൾ, വിവിധ വകുപ്പുകൾ എന്നിവിടങ്ങളിലേക്ക് അവശ്യമായ ശുചീകരണ സാമഗ്രികളും മറ്റ് പലവക സാമഗ്രികളും വാങ്ങുന്നതിനും, മറ്റ് അനാമത്ത് ചെലവുകൾ വഹിക്കുന്നതിനും, ഉപകരണങ്ങൾക്ക് എ.എം.സി. എടുക്കലും മറ്റ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കലും | 10.00 ലക്ഷം |
| 9. | വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആയുർവേദ കോളേജ് അദ്ധ്യാപകർക്കും മെഡിക്കൽ ഓഫീസർമാർക്കും ജീവനക്കാർക്കും വിവിധ വിഷയങ്ങളിൽ സി.എം.ഇ./ ആർ.ഒ.ടി.പി. പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ,*ബോധവൽകരണ പരിപാടികൾ നടത്തൽ | 6.00 ലക്ഷം |
| 10. | ശാലാക്യതന്ത്ര, വകുപ്പിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് അസിസ്റ്റന്റിന്റെ സേവനം പ്രയോജനപ്പെടുത്തി പ്രൊജക്ടുകൾ നടപ്പിലാക്കൽ | 3.00 ലക്ഷം |
| 11. | ലേഡീസ് ഹോസ്റ്റലിന്റെ ചുവരുകൾക്ക് ചായം പൂശലും മറ്റ് അറ്റകുറ്റപ്പണികളും | 25.00 ലക്ഷം |

| | | |
|---|---|---|
| 12 | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ഒ.പി. യിലേക്കാവശ്യമായ ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങിക്കൽ | 105.00 ലക്ഷം |
| | ആകെ | 210.00 ലക്ഷം |
| | **ആകെ** | **270.00 ലക്ഷം** |

3) എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ/ ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി. നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല. കൂടാതെ Annual maintenance charge (AMC)-കൾക്ക് ആവശ്യമായി വരുന്ന യഥാർത്ഥ തുകയ്ക്ക് വിധേയമായി മാത്രമേ വിനിയോഗവും നടത്തുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻപ്രകാരം),

ഭൂഷൺ. വി,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ/ പ്ലാനിംഗ്-ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
✓കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**അനുബന്ധം IV കേരള സർക്കാർ**

സംഗ്രഹം

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - വാർഷിക പദ്ധതി 2019-20 - "ഗവ. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി. കണ്ണൂർ, പരിയാരം" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.308/2019/ആയുഷ് തീയതി, തിരുവനന്തപുരം, 28.05.2019.

പരാമർശം: 1) 06.03.2019-ലെ സ.ഉ.(സാധാ) നം.143/2019/ആയുഷ്.

2) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.03.2019-ലെ 249/ജി1/2019/ഡി.എ.എം.ഇ നമ്പർ പ്രൊപ്പോസൽ.

3) 10.04.2019-ലെ 31/2019/ധന നമ്പർ സർക്കുലർ.

4) ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29.04.2019-ൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 2019-20 സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുന്നതിന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 29.04.2019-ന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) പരാമർശം 4)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 2210-02-101-78 (P) റവന്യൂ ശീർഷകത്തിൽ "ഗവ. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി. കണ്ണൂർ, പരിയാരം" എന്ന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള 210 ലക്ഷം രൂപയിൽ പരാമർശം 1) പ്രകാരം 20 ലക്ഷം രൂപയുടെ പദ്ധതികൾ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. ടി ശീർഷകത്തിൽ അവശേഷിക്കുന്ന 190 ലക്ഷം രൂപയിൽ, പരാമർശം 3)-ലെ സർക്കുലർ പ്രകാരം 2018-19 സാമ്പത്തികവർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട 23.1 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ **166.9 ലക്ഷം രൂപ (നൂറ്റി അറുപത്തിയാറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)** ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2210-02-101-78 (P) "ഗവ. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി. കണ്ണൂർ, പരിയാരം"**

| | |
|---|---|
| **ശീർഷകം 2210-02-101-78 (17) ചെറുകിട മരാമത്ത് പണികൾ** | **5.00 ലക്ഷം** |
| ആശുപത്രിയുമായി ബന്ധപ്പെട്ട പ്ലംബിംഗ് വർക്കുകൾ & ആശുപത്രി ഫാർമസിയുടെ നവീകരണം | 5.00 ലക്ഷം |
| **ആകെ** | **5.00 ലക്ഷം** |
| **ശീർഷകം 2210-02-101-78 (18) സംരക്ഷണം** | **5.00 ലക്ഷം** |
| ആശുപത്രിയിലെ വിവിധ ഉപകരണങ്ങളുടെ ആന്വൽ മെയിന്റനൻസ് കമ്പ്യൂട്ടർ ഉൾപ്പെടെ വിവിധ ആശുപത്രി ഉപകരണങ്ങളുടെ റിപ്പയറിംഗും സർവ്വീസും | 5.00 ലക്ഷം |
| **ആകെ** | **5.00 ലക്ഷം** |

| | | |
|---|---|---|
| **ശീർഷകം 2210-02-101-78 (19) യന്ത്രോപകരണങ്ങൾ - (പദ്ധതി വിഹിതം - ട്രഷറി ക്യൂവിൽ ഉൾപ്പെട്ട തുക) (40 - 14.1 = 25.90)** | | **25.90 ലക്ഷം** |
| 1. | ആശുപത്രിയിലെ ലാബിലേക്ക് ആവശ്യമായ റീഏജന്റുകൾ വാങ്ങിക്കൽ | 4.00 ലക്ഷം |
| 2. | ആശുപത്രിയിലേക്ക് ലാബ് ഉപകരണങ്ങളും കെമിക്കലും വാങ്ങിക്കൽ | 3.00 ലക്ഷം |
| 3. | ഹോസ്പിറ്റൽ ഉപകരണങ്ങൾ വാങ്ങിക്കൽ | 3.00 ലക്ഷം |
| 4. | ആശുപത്രിയിൽ ഫർണ്ണിച്ചർ വാങ്ങിക്കൽ | 4.00 ലക്ഷം |
| 5. | ആംബുലൻസ് വാങ്ങിക്കൽ | 8.50 ലക്ഷം |
| 6. | ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം, ഇ-ഓഫീസ്, എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും, സോഫ്റ്റ്‌വെയറുകളും വാങ്ങിക്കൽ | 3.40 ലക്ഷം |
| | **ആകെ** | **25.90 ലക്ഷം** |
| **ശീർഷകം 2210-02-101-78 (24) സാധന സാമഗ്രികൾ - (പദ്ധതി വിഹിതം - ട്രഷറി ക്യൂവിൽ ഉൾപ്പെട്ട തുക) (80 - 9 = 71)** | | **71.00 ലക്ഷം** |
| 1. | പുതുതായി ആരംഭിക്കുന്ന സ്കീമുകളുടെയും കട്ടിലുകളുടെയും ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് | 59.00 ലക്ഷം |
| 2. | ശുചീകരണ സാമഗ്രികളും മറ്റ് പലവക സാമഗ്രികളും വാങ്ങിക്കൽ | 4.00 ലക്ഷം |
| 3. | എൻ.എ.ബി.എച്ച് അംഗീകാരവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ | 3.00 ലക്ഷം |
| 4 | ഐ.പി രോഗികൾക്ക് ആവശ്യമായ ബെഡ്ഷീറ്റ്, പില്ലോ കവർ തുടങ്ങിയവ ഹാൻടെക്സിൽ നിന്ന് വാങ്ങിക്കൽ | 1.50 ലക്ഷം |
| 5 | വൈദ്യുതി ചാർജ്ജ് അടക്കൽ | 2.00 ലക്ഷം |
| 6 | ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ ഇമേജ് സംവിധാനം വഴി നീക്കം ചെയ്യൽ | 1.50 ലക്ഷം |
| | **ആകെ** | **71.00 ലക്ഷം** |
| **ശീർഷകം 2210-02-101-78 (34) മറ്റ് ചെലവുകൾ** | | **60.00 ലക്ഷം** |
| 1. | പുതുതായി ആരംഭിക്കുന്ന സ്കീമുകളുടെയും കട്ടിലുകളുടെയും ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങുന്നതിനും, ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് എന്നിവ സജ്ജീകരിക്കുന്നതിനും | 16.00 ലക്ഷം |
| 2. | ആശുപത്രിയിലെ ഒ.പി/ ഐ.പി.വിഭാഗം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിക്കൽ | 22.00 ലക്ഷം |
| 3. | പഞ്ചകർമ്മ മുറി നവീകരിക്കൽ | 3.65 ലക്ഷം |
| 4. | ജറിയാട്രിക് വാർഡുകളുടെ നവീകരണം | 4.00 ലക്ഷം |
| 5. | ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, എയർ ഹോളുകൾക്ക് കൊതുക് വല സ്ഥാപിക്കൽ, ചായം പൂശൽ എന്നിവ പി.ഡബ്ല്യു.ഡി മുഖേന നിർവ്വഹിക്കൽ | 14.35 ലക്ഷം |
| | ആകെ | 60.00 ലക്ഷം |
| | **ആകെ** | **166.9 ലക്ഷം** |

3) എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ/ ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി. നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല. 2210-02-101-78 (19) യന്ത്രോപകരണങ്ങൾ എന്ന ഉപശീർഷകത്തിലെ ഇനം നമ്പർ 5-ാമതായി അനുമതി നൽകിയിട്ടുള്ള ആംബുലൻസ് വാങ്ങുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി കൂടി വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം),

ഭൂഷൺ വി,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ/ പ്ലാനിംഗ്-ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

# അനുബന്ധം V

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - വാർഷിക പദ്ധതി 2019-20 - "ഗവ. ആയുർവേദ കോളേജ്, കണ്ണൂർ, പരിയാരം" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.309/2019/ആയുഷ് — തീയതി, തിരുവനന്തപുരം, 28.05.2019.

പരാമർശം: 1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.03.2019-ലെ 249/ജി1/2019/ഡി.എ.എം.ഇ നമ്പർ പ്രൊപ്പോസൽ.

2) ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29.04.2019-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 2019-20 സാമ്പത്തിക വർഷത്തിൽ ക്യാപിറ്റൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുന്നതിന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 29.04.2019-ന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) പരാമർശം 2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 4210-03-101-93 (P) ക്യാപിറ്റൽ ശീർഷകത്തിൽ "ഗവ. ആയുർവേദ കോളേജ്, കണ്ണൂർ, പരിയാരം" എന്ന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള **200 ലക്ഷം രൂപ (ഇരുനൂറ് ലക്ഷം രൂപ മാത്രം)** ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4210-03-101-93 (P) "ഗവ. ആയുർവേദ കോളേജ്, കണ്ണൂർ, പരിയാരം"**

| | |
|---|---|
| **ശീർഷകം 4210-03-101-93** | **200.00 ലക്ഷം** |
| അക്കാദമിക് & അഡ്മിനിസ്ട്രേറ്റീവ് കെട്ടിട നിർമ്മാണം, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ 2, 3, 4 നിലകളുടെ നിർമ്മാണം, പെൺകുട്ടികൾക്ക് വേണ്ടി പുതിയ ഹോസ്റ്റൽ കെട്ടിട നിർമ്മാണം | 200.00 ലക്ഷം |
| **ആകെ** | **200.00 ലക്ഷം** |

3) എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി. നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ